തീരുമാനമായിട്ടില്ല. ഈ മേഖലയിലെ ജില്ലാ അപ്പക്സ് സംഘങ്ങളിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി കഴിഞ്ഞിരിക്കുകയാണ്. 1999 ഏപ്രിൽ മുതൽ നടപ്പിലാക്കേണ്ട ശമ്പള പരിഷ്ക്കരണം ഇതുവരെ തീരുമാനമാകാതെ കിടക്കുകയാണ്. ശമ്പളപരിഷ്ക്കരണ റിപ്പോർട്ട് സർക്കാരിൽ കിടക്കുകയാണ്. ബന്ധപ്പെട്ട ജീവനക്കാരുമായി ചർച്ചനടത്തി വളരെ വേഗത്തിൽ ഈ മേഖലയിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, പ്രാഥമിക സഹകരണസംഘം ജീവനക്കാരുടെ ശമ്പളം 1.4.1999 മുതലാണ് പരിഷ്ക്കരിക്കേണ്ടത്. ശമ്പളപരിഷ്ക്കരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഒരു മൂന്നംഗ കമ്മിഷനെ നിയമിച്ചിരുന്നു. കമ്മീഷന്റെ റിപ്പോർട്ട് ഇക്കഴിഞ്ഞ 8.12.1999-ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പഠിച്ച് കഴിയുന്നതും വേഗം സംഘങ്ങളുടെ നിലനിൽപ്പും ജീവനക്കാരുടെ താല്പര്യവും പരിഗണിച്ചുകൊണ്ട് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുന്നതാണ്. ചർച്ച നടത്തിയതിനു ശേഷം കഴിയുന്നതും വേഗം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (18) മലപ്പുറം ജില്ലയിൽ 'മുതുവാൻ' സമുദായത്തിൽപ്പെട്ട ആദിവാസികൾക്കുള്ള ആനുകൂല്യങ്ങൾ നിർത്തൽ ചെയ്തതു സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, മലപ്പുറം ജില്ലയിലെ നിലമ്പൂർ, വണ്ടൂർ, മഞ്ചേരി തുടങ്ങിയ നിയോജകമണ്ഡലങ്ങളിലായി താമസിക്കുന്ന മുതുവാൻ സമുദായത്തിൽപ്പെട്ട ആളുകളെ പണ്ട് മലമുത്തൻമാർ എന്നാണ് പറയാറ്. 1950-ൽ ഭരണഘടന നിലവിൽ വന്നതുമുതൽ അവർ ഷെഡ്യൂൾഡ് ട്രൈബിന്റെ ആനുകൂല്യങ്ങൾ പറ്റിവരികയാണ്. മലകളിൽ താമസിക്കുന്ന, എല്ലാ നിലയിലും വളരെ പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗം ആളുകളാണ് അവർ. ഒരു കാലഘട്ടത്തിൽ അവരുടെ വിശ്വാസം പുഴകടക്കാൻ പാടില്ല എന്നായിരുന്നു. പുഴകടന്നാൽ സമുദായത്തിൽനിന്നും ഭ്രഷ്ട് കല്പിക്കുന്ന ഒരു കാലമുണ്ടായിരുന്നു. അങ്ങനെ രോഗം പിടിപെട്ട് മരണമടയുന്ന ഒരു സ്ഥിതിയുണ്ടായിരുന്നു. അതുപോലെ അവിടെ ജീവിക്കുന്ന ആളുകൾ ആ മലമുകളിൽ മാത്രമാണ് താമസിക്കുന്നത്. ഏറ്റവും പിന്നോക്കവിഭാഗത്തിൽപ്പെട്ട അവർ ട്രൈബ്സ് ആയിരുന്നു. 1950-ൽ ഭരണഘടനയുണ്ടായ കാലം മുതൽ അടുത്ത ഒരു വർഷംമുൻപുവരെ ഷെഡ്യൂൾഡ് ട്രൈബ്സിനുള്ള എല്ലാ ആനുകൂല്യങ്ങളും അവർക്ക് ലഭിച്ചിരുന്നതാണ്. ഒരു കൊല്ലത്തോളമായി അവർ ട്രൈബ്സ് അല്ല, ട്രൈബ് മുതുവാൻ എന്നാണ് അവരെ പറയുന്നത്, മുതുവാൻ ഇടുക്കി ഡിസ്ട്രിക്ടിലേയുള്ളൂ എന്ന് 'കിർത്താഡ്സ്' പറയുന്നു എന്നു പറഞ്ഞിട്ട് മലപ്പുറം ജില്ലയിലും കോഴിക്കോടു ജില്ലയിലും മുതുവാൻമാർ ഇല്ലെന്നുപറഞ്ഞ് 1950 മുതൽ ഇവർ അനുഭവിച്ചുപോന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതിന്റെ ഫലമായി വളരെയധികം പ്രയാസങ്ങൾ അവർക്ക് ഉണ്ടായിട്ടുണ്ട്. കിർത്താഡ്സ് ഉണ്ടാകുന്നതിനുമുൻപുതന്നെ, മദ്രാസ് സ്റ്റേറ്റായിരുന്ന കാലത്തുതന്നെ അവർ ട്രൈബ്സാണ്. കിർത്താഡ്സെല്ലാം അതിനുശേഷം വന്നതാണ്. ഇത് മുതുവാൻ അല്ല, ഷെഡ്യൂൾഡ് ട്രൈബ്സല്ല എന്ന് അവർ എങ്ങനെയാണ് പറയുന്നത്? വലിയ അനീതിയാണ് അവരോട് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെമുന്നിൽ ഞാനും അതുപോലെ ശ്രീ. എൻ. കണ്ണനുമെല്ലാം ഈ കാര്യങ്ങൾ കൊണ്ടുവന്നതാണ്. ഇതു

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ഒന്നുരണ്ട് കോൺഫറൻസ് കൂടിയതാണ്. എനിക്കുപറയാനുള്ളത് 1950 മുതൽ അവർക്ക് കിട്ടിയിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നത് ഒരിക്കലും ന്യായീകരിക്കാൻ കഴിയാത്തതാണ്. അതുകൊണ്ട് ആ ആനുകൂല്യങ്ങൾ തുടർന്ന് നൽകാനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളണം. അവരെ ട്രൈബായി അംഗീകരിക്കണം. കിർത്താഡ്സ് അവർ ട്രൈബല്ലായെന്ന് എന്തടിസ്ഥാനത്തിലാണ് പറയുന്നത്? 1950 മുതൽ ഒരുകൊല്ലം മുൻപുവരെ കിട്ടിയിരുന്ന ആനുകൂല്യം ഇപ്പോൾ നിഷേധിക്കപ്പെടുന്നത് ഒരു കിർത്താഡ്സിന്റെ റിപ്പോർട്ട് വച്ചുകൊണ്ടാണെങ്കിൽ അതിനേക്കാളും വലുത് 1950 മുതൽ മദ്രാസ് ഗവൺമെന്റ് അംഗീകരിച്ചുപോന്ന, ഇന്നുവരെ തുടർന്നുനൽകിയിരുന്ന ആ ആനുകൂല്യങ്ങൾ നൽകുക, അവരെ ട്രൈബായി അംഗീകരിക്കുക എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. ഒരുകാര്യം ഞാൻ പറയുന്നില്ല, എങ്ങനെയാണ് അവരിപ്പോൾ ട്രൈബ് അല്ലാതായത് എന്നതിന് ഒരു ചരിത്രവും രഹസ്യവുമുണ്ട്. ചില ജന്മിമാർ അതിനു പുറകിലുണ്ടെന്നുള്ള കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവർ രക്ഷപ്പെടാൻവേണ്ടി ഉപയോഗിക്കുന്ന ഒരു മാർഗ്ഗമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ സമുദായത്തോട് അനുഭാവമുണ്ടെന്നുള്ളതറിയാം എന്റെ കോൺസ്റ്റിറ്റുവൻസിയിൽ തന്നെ ഈ വിഭാഗത്തിൽപ്പെട്ട 9,000-ൽപ്പരം ആളുകളുണ്ട്. അതുകൊണ്ട് അടിയന്തിരമായ നടപടി കൈക്കൊള്ളണം, അവരെ ട്രൈബ്സായി അംഗീകരിക്കണം, അവർക്ക് കിട്ടിയിരുന്ന ആനുകൂല്യങ്ങളെല്ലാം അവർക്ക് നൽകണമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ വളരെ ശരിയായിട്ടുള്ള കാര്യങ്ങൾ തന്നെയാണ്. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മുതുവാൻ എന്ന വിഭാഗത്തിന് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ ഏതാനും വർഷങ്ങളായി മലമുത്തൻ എന്ന് കിർത്താഡ്സിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിഷേധിച്ചിരിക്കുകയാണ്. ഈ വിഷയം ഈ സഭയിലും അതുപോലെ പുറത്തുമൊക്കെ നിരവധി പ്രാവശ്യം വരുകയും അത് സംബന്ധിച്ച് ഗവൺമെന്റ് വിശദമായി പരിശോധിക്കുകയും ചെയ്തു ഇവർ യഥാർത്ഥ ആദിവാസികളേക്കാൾ ദുരിതപൂർണ്ണമായ അവസ്ഥയിലാണ് വസിക്കുന്നതെന്ന് മനസ്സിലാക്കിയതിന്റെയടിസ്ഥാനത്തിൽ അവർക്ക് വിദ്യാഭ്യാസരംഗത്തും അതുപോലെ പാർപ്പിടത്തിന്റെ കാര്യത്തിലും ആനുകൂല്യങ്ങൾ കൊടുക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജോലി സംബന്ധിച്ചുള്ള സംരക്ഷണം അവർക്ക് ലഭിക്കണമെന്നുണ്ടെങ്കിൽ ഇപ്പോൾ അവർ മലമുത്തൻ എന്നറിയപ്പെടുന്നതുകൊണ്ട് പട്ടികവർഗ്ഗത്തിന്റെ ആനുകൂല്യം കൊടുക്കാനുള്ള ബുദ്ധിമുട്ടുണ്ട്. ഇവരെ പട്ടികവർഗ്ഗത്തിൽപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് പത്തിരുപത് വർഷംകൊണ്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി വരുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും മലമുത്തൻമാരെ പട്ടികവർഗ്ഗത്തിലുൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭരണഘടനാ ഭേദഗതിയിലൂടെ മാത്രമേ മലമുത്തൻമാരെ പട്ടിക വർഗ്ഗത്തിലുൾപ്പെടുത്താൻ കഴിയുകയുള്ളൂ. പാർലമെന്റിൽ ഭരണഘടനാഭേദഗതി വരുന്നതുവരെ, ഇവരെ പട്ടിക വർഗ്ഗത്തിലുൾപ്പെടുത്തുന്നതുവരെ ഇവരുടെ ആനുകൂല്യം നിഷേധിക്കണമെന്ന നയമല്ല ഗവൺമെന്റിന്റേത്. അവർക്ക് ഇതുവരെ ലഭിച്ചുകൊണ്ടിരുന്ന എല്ലാ തരത്തിലുള്ള ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly